**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.3229 — 07/11/2019 ൽ മറുപടിക്ക്

**സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന ഡിജിറ്റൽ ലാന്റ് റിക്കോർഡ്സിന്റെ നിയമസാധുത**

**ചോദ്യം**

**ശ്രീ.റോഷി അഗസ്റ്റിൻ**

**,, പി.ജെ.ജോസഫ്**

**,, മോൻസ് ജോസഫ്**

**ഡോ.എൻ. ജയരാജ്**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| (എ) | സ്വകാര്യ ഏജൻസികൾ നടത്തുന്ന റീസർവ്വെ നടപടികൾക്ക് സർക്കാർ അംഗീകാരമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 10/05/2018 ലെ സ.ഉ.(എം.എസ്) 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും, സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും, സർവ്വെ ട്രെയിനിംഗ് സ്കൂളിൽ നിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ സർവ്വെ വകുപ്പിൽ ആസൂത്രണം ചെയ്തുവരികയാണ്. |
| (ബി) | ഡിജിറ്റൽ റീസർവ്വെ നടത്തുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അവയുടെ ഫീസ് സ്ട്രക്ച്ചറിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (ബി) & (സി) | നിലവിൽ, സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വെ നടത്തുന്നതിനായി പദ്ധതികൾ നടപ്പിലാക്കുകയോ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ പദ്ധതി തയ്യാറാക്കുമ്പോൾ സർവ്വെ നടപടികൾ സംബന്ധിച്ച പരാതി |
| (സി) | സർവ്വെ നടപടികൾക്ക് ആവശ്യമായ അടിസ്ഥാന | | |

| | | | |
|---|---|---|---|
| | യോഗ്യതയുള്ളവരെയാണോ അതിലേക്ക് നിയമിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; സർവ്വെ നടപടികൾ സംബന്ധിച്ച പരാതി പരിഹരിക്കുന്നത് ആരായിരിക്കും എന്ന് വ്യക്തമാക്കാമോ; | | പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശം കൂടി ഉൾപ്പെടുത്താവുന്നതാണ്. |
| (ഡി) | ഡിജിറ്റൽ ലാന്റ് റിക്കോർഡ് തയ്യാറാക്കുന്നതിന് നിയമസാധ്യതയുണ്ടോ; ഇതു സംബന്ധിച്ച് നിയമ നിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ചാണ് സർവ്വെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ടി നിയമത്തിൽ ഭേദഗതി ആവശ്യമാണെങ്കിൽ അക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ